## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2072 06/02/2019-ൽ മറുപടിക്ക്

### കാൻസർ രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ കാൻസർ രോഗത്തിന്റെ തോത് ദേശീയ ശരാശരിയേക്കാൾ മുകളിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് ക്യാൻസർ രോഗത്തിന്റെ തോത് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 50000 ലേറെ പുതിയ ക്യാൻസർ രോഗികൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നും തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു. |
| ബി) | അർബുദ രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ബി) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുതിയ ക്യാൻസർ നയത്തിന്റെ ഭാഗമായി ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ക്യാൻസർ ചികിത്സയ്ക്കായി ആശുപത്രികൾ ശാക്തീകരിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ക്യാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലേയും പ്രധാന ആശുപത്രികളിൽ ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ജില്ലാ ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവൽക്കരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷനുകളും പുകയില വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യ പ്രവർത്തകർ മുഖേന നടത്തപ്പെടാറുണ്ട്. |

സെക്ഷൻ ഓഫീസർ